എൻ3/26337/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 11/10/2017
ഫോൺ നമ്പർ. 0471-2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പ് - അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നത് - സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

സൂചന :- കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ.

എല്ലാ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളും ഒരു പ്ലാറ്റ്ഫോമിൽ (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - NSP-2.0) നടപ്പാക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം മുതൽ നാഷണൽ മീൻസ്-കം -മെറിറ്റ് സ്കോളർഷിപ്പ്, ഇൻസെന്റീവ് ടു ഗേൾസ് എന്നീ ധനസഹായ പദ്ധതികൾക്ക് അപേക്ഷിക്കുന്ന കുട്ടികൾ (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - (NSP-2.0) വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത കുട്ടികളെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്, ഇൻസെന്റീവ് ടു ഗേൾസ് എന്നീ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് പരിഗണിക്കുന്നതല്ല.

## I. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMS)

2016 നവംബറിൽ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിനുവേണ്ടി യോഗ്യതാ പരീക്ഷ എഴുതി 2017-18 വർഷത്തെ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളവരായ എല്ലാ വിദ്യാർത്ഥികളും (ഇപ്പോൾ 9-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ) **നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP-2.0) ഒക്ടോബർ 31 ന് മുൻപ് നേരിട്ട് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രഥമാധ്യാപകർ സൂക്ഷ്മപരിശോധന നടത്തി സമർപ്പിക്കേണ്ടതുമാണ്.** ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (NMMS) പട്ടികയിലെ 3473 കുട്ടികളും നിർബന്ധമായും ഓൺലൈൻ അപേക്ഷ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സമർപ്പിക്കേണ്ടതാണ്.

## II. ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പ് (NSIGSE)

2017-18 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്കായുള്ള ഇൻസെന്റീവ് ടു ഗേൾസ് ധനസഹായ പദ്ധതിയ്ക്കു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് കേന്ദ്രമന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP-2.0) വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. എട്ടാം ക്ലാസ്സ് പാസായശേഷം 2017-18 വർഷം 9-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ പെൺകുട്ടികൾക്കും **ഇൻസെന്റീവ് ടു ഗേൾസ് ധനസഹായ പദ്ധതിയ്ക്കു വേണ്ടിയുള്ള ഓൺലൈൻ അപേക്ഷകൾ ഒക്ടോബർ 31 വരെ സമർപ്പിക്കാവുന്നതാണ്.** വരുമാന പരിധിയും മാർക്കിന്റെ ശതമാനവും ബാധകമല്ല. അർഹരായ എല്ലാ പെൺകുട്ടികൾക്കും 3000/- രൂപ ഒറ്റത്തവണ ധനസഹായമായി ലഭിക്കുന്നു. ബാങ്കിൽ നിക്ഷേപിക്കുന്ന ഈ തുക കുട്ടികൾക്ക് 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്/പിൻവലിക്കാവുന്നതാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണ് ഈ ധനസഹായ പദ്ധതിയ്ക്ക് അപേക്ഷിക്കാൻ അർഹതയുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- ❖ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിനും ഇൻസെന്റീവ് ടു ഗേൾസ് ധനസഹായ പദ്ധതിയ്ക്കും (2017-18) ഈ വർഷം മുതൽ ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- ❖ www.sholarships.gov.in എന്ന വെബ്സൈറ്റിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP-2.0) വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.
- ❖ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP -2.0) ലെ NEW USER REGISTER എന്ന ലിങ്ക് ഉപയോഗിക്കേണ്ടതാണ്.
- ❖ പോർട്ടലിൽ സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ ഐ.ഡി ലഭിക്കുന്നതിന് വേണ്ടി **പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്ന സ്കീം സെലക്ട് ചെയ്ത ശേഷം** ആവശ്യപ്പെടുന്ന വിവരങ്ങൾ പൂരിപ്പിക്കേതും ലഭിക്കുന്ന ഐ.ഡി യും ജനന തീയതിയും ഉപയോഗിച്ച് Login to apply എന്ന ലിങ്ക് വഴി Login ചെയ്തശേഷം പുതിയ പാസ്‌വേർഡ് എടുക്കുക.
- ❖ NMMS അപേക്ഷിക്കുന്ന കുട്ടികൾ Competative Exam Passed എന്ന കോളത്തിൽ NMMS എന്ന് സെലക്ട് ചെയ്യേണ്ടതാണ്.
- ❖ ഇൻസെന്റീവ് ടു ഗേൾസ് ധനസഹായത്തിന് വേണ്ടി ഓൺലൈൻ അപേക്ഷ നൽകുന്ന കുട്ടികൾ അവരുടെ ജാതി/മതം, ക്ലാസ് (IX) എന്നീ വിവരങ്ങൾ കൃത്യതയോടെ നൽകേണ്ടതാണ്.
- ❖ മേൽപ്പറഞ്ഞ ധനസഹായ പദ്ധതികൾക്ക് വേണ്ടി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എ സ്. കോഡ്, മൊബൈൽ നമ്പർ എന്നിവ തെറ്റുകൂടാതെ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.
- ❖ തെറ്റായ വിവരങ്ങൾ നൽകിയാൽ ധനസഹായം/സ്കോളർഷിപ്പ് നഷ്ടപ്പെടാനിടയുണ്ട്.
- ❖ അപേക്ഷകരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്തിരിക്കണം.
- ❖ അപേക്ഷകരായ കുട്ടികൾക്ക് ലഭിക്കുന്ന User ID/Password ശ്രദ്ധയോടെ എഴുതി സൂക്ഷിക്കുക.
- ❖ അപേക്ഷകരായ കുട്ടികളുടെ മൊബൈൽ നമ്പറിൽ ധനസഹായം/സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ തുടർച്ചയായി നൽകുന്നതിനാൽ മൊബൈൽഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക.
- ❖ ഓൺലൈൻ അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഒന്നും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുവാൻ പാടുള്ളതല്ല.

**ഓൺലൈൻ അപേക്ഷകൾ ഒക്ടോബർ 31 വരെ സമർപ്പിക്കാവുന്നതാണ്.**
**ഒരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകുന്നതല്ല.**

**കൂടുതൽ വിവരങ്ങൾക്ക് :-**

**www.scholarships.gov.in, www.scholarship.itschool.gov.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക

**നേരിട്ടുള്ള വിവരങ്ങൾക്ക്**

0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് - 1. എല്ലാ ഡി.ഡി.ഇ, മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും } സ്കൂളുകൾക്ക് അടിയന്തിരമായി ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതാണ്.
3. ഡയറക്ടർ, ഐ.ടിസ്കൂൾ - പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഐ.ടിസ്കൂളിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.